


Date: 15/06/25 To 21/06/25 HMYS HSS Kottuvallikkad e-mail hmyshss25056@gmail.com Volume: 3

## പ്ലസ് വൺ വിദ്യാർഥികളുടെ പ്രവേശനോത്സവം നവാഗതരെ സ്വാഗതം ചെയ്ത്

## 'വരവേൽപ്പ് -2025'



18/06/25

കൊട്ടുവള്ളിക്കാട് എച്ച് എം വൈ എസ് ഹയർ സെക്കന്ററി സ്കൂളിൽ പ്ലസ് വൺ വിദ്യാർത്ഥികളുടെ പ്രവേശനോത്സവം'വരവേൽപ്പ്-2025'വടക്കേക്കര ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് രശ്മി അനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു.

**കൊട്ടുവള്ളിക്കാട് :** ഈ വർഷത്തെ പ്ലസ് വൺ വിദ്യാർഥികളുടെ പ്രവേശനോത്സവം വടക്കേക്കര ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് രശ്മി അനിൽകുമാർ ഉദ്ഘാടനം ചെയ്തു. പിടിഎ പ്രസിഡണ്ട് രാജീവ് വഞ്ചിപ്പുരക്കൽ അധ്യക്ഷത വഹിച്ച യോഗത്തിൽ പറവൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് കെ എസ് സനീഷ് മുഖ്യാതിഥിയായി. എച്ച്.എം വൈ സഭ സെക്രട്ടറി എം എ ഹരീഷ് കുമാർ, സ്കൂൾ മാനേജർ എം കെ ദേവദാസൻ മാസ്റ്റർ, പ്രിൻസിപ്പൽ കെ ആർ ശ്രീജ ടീച്ചർ, ഹെഡ്മിസ്ട്രസ് ഇ എൻ ബിന്ദു ടീച്ചർ, പി എ ലീന ടീച്ചർ, ടി എൻ ശൈലസുധ ടീച്ചർ, നിഷ ടീച്ചർ, സാനിക ടീച്ചർ തുടങ്ങിയവർ സംസാരിച്ചു. 2024-25 അധ്യയന വർഷത്തിൽ പ്ലസ് ടുവിലും പ്ലസ് വണ്ണിലും മുഴുവൻ വിഷയങ്ങൾക്കും എപ്ലസ് കരസ്ഥമാക്കിയ എല്ലാ വിദ്യാർത്ഥികളെയും ചടങ്ങിൽ പ്രത്യേകം അനുമോദിച്ചു



മലയാള മനോരമ വായന കളരി റവ. ഫാ.ബെന്നി വാഴക്കുട്ടത്തിൽ ഉദ്ഘാടനം ചെയ്യുന്നു. 19/6/25

## മഹത് വചനം



**ഭയപ്പെടാൻ തുടങ്ങിയാൽ**
**ഭയപ്പെടുത്താനും ആളുണ്ടാകും**
**പിന്തിരിഞ്ഞോടാൻ തീരുമാനിച്ചാൽ**
**ജീവിതകാലം മുഴുവൻ**
**പിന്തിരിഞ്ഞോടേണ്ടി വരും**
**തോൽക്കാൻ തയ്യാറായാൽ**
**മരണം വരെ തോൽക്കാൻ**
**മാത്രമേ സമയം കാണൂ.**
**ഏത് സാഹചര്യത്തിലും**
**മുന്നോട്ടു പോകാൻ തയ്യാറായിറങ്ങൂ**
**വിജയം സുനിശ്ചിതം.**


A P J Abdul kalam



*സയൻസ് എക്സ്പിരിമെന്റ്*

**ചെട്ടിക്കാട് വിശുദ്ധ അന്തോണീസ് തീർത്ഥാടന കേന്ദ്രത്തിന്റെ സഹകരണത്തോടെ സ്കൂളിൽ ൽ ആരംഭിച്ച മലയാള മനോരമ 'വായന കളരി' റക്ടർ ഫാ.ഡോ.ബെന്നി വാഴക്കുട്ടത്തിൽ ഉദ്ഘാടനം ചെയ്തു.**

## വായന ദിനാചരണം സംഘടിപ്പിച്ചു







### "വായിച്ചു വളരുക, ചിന്തിച്ചു വിവേകം നേടുക"

കേരള ഗ്രന്ഥശാല സംഘത്തിന്റെ ഉപജ്ഞാതാവും പ്രചാരകനമായിരുന്ന പി എൻ പണിക്കരുടെ ചരമദിനമായ ജൂൺ 19 - ദേശീയ വായന ദിനത്തിന്റെ ഭാഗമായി സ്കൂളിൽ വിവിധ ഭാഷാ ക്ലബ്ബുകളായ മലയാളം, ഇംഗ്ലീഷ്, ഹിന്ദി - ക്ലബ്ബുകളുടെ നേതൃത്വത്തിൽ വായന മത്സരം ക്വിസ് മത്സരം പോസ്റ്റർ ഡിസൈനിങ് തുടങ്ങിയവ സംഘടിപ്പിച്ചു. ഹൈസ്കൂൾ യുപി വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായി പ്രത്യേകം സംഘടിപ്പിച്ച മത്സരങ്ങളിൽ വിജയികൾക്ക് ഉപഹാരങ്ങൾ നൽകി .

## അഞ്ചു ലിറ്ററിൽ താഴെയുള്ള പ്ലാസ്റ്റിക് കുപ്പികൾ നിരോധിച്ച് ഹൈക്കോടതി

### ഒക്ടോബർ രണ്ടുമുതൽ നിരോധനം പ്രാബല്യത്തിൽ

**കൊച്ചി:** സംസ്ഥാനത്ത് വിനോദസഞ്ചാര കേന്ദ്രങ്ങളിലും ആഘോഷ പരിപാടികളിലും ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് കുപ്പികൾ ഹൈക്കോടതി നിരോധിച്ചു. ഗാന്ധിജയന്തിദിനമായ ഒക്ടോബർ രണ്ടുമുതൽ നിരോധനം പ്രാബല്യത്തിൽ വരും. ഇതുമായി ബന്ധപ്പെട്ട നടപടികൾക്കും കോടതി സർക്കാരിനു നിർദേശം നൽകി.



ബ്രഹ്മപുരം തീപിടിത്തത്തെ തുടർന്ന് സ്വമേധയാ എടുത്ത ഹർജിയിലാണ് ജസ്റ്റീസ് ബെച്ചു കുര്യൻ തോമസ്, ജസ്റ്റീസ് പി. ഗോപിനാഥ് എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്. വിവാഹം അടക്കമുള്ള ചടങ്ങുകൾ, ഓഡിറ്റോറിയങ്ങൾ, ഹോട്ടലുകൾ, റസ്റ്ററന്റുകൾ, സർക്കാർ പരിപാടികൾ എന്നിവയിൽ അഞ്ച് ലിറ്ററിൽ താഴെയുള്ള പ്ലാസ്റ്റിക് വെള്ളക്കുപ്പികൾ, പ്ലാസ്റ്റിക് സ്ട്രോ, പ്ലേറ്റുകൾ, കപ്പ്, സ്പൂൺ, കത്തി മുതലായവ ഉപയോഗിക്കുന്നതും ഡിവിഷൻ ബെഞ്ച് നിരോധിച്ചു. നിർദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, പോലീസ് എന്നിവർ മുഖേന കർശനമായി നടപ്പാക്കണം. ചീഫ് സെക്രട്ടറി, തദ്ദേശഭരണ സ്പെഷൽ സെക്രട്ടറി എന്നിവർക്കാണ് നടപടികളുടെ ഏകോപന ചുമതല.

മലയോര വിനോദസഞ്ചാര മേഖലകളിൽ പ്ലാസ്റ്റിക് വ്യാപനം തടയാനാകാത്ത വിധമാണെന്ന് കോടതി ചൂണ്ടിക്കാട്ടി. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുമായി മലയോര ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിനോദസഞ്ചാരികൾ പ്രവേശിക്കുന്നതു തടയണം. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് മതിയായ ബോധവത്കരണവും ദൃശ്യ, അച്ചടി മാധ്യമങ്ങളുടെ കാമ്പയിനും ഉണ്ടാകണം. പ്ലാസ്റ്റിക് ഉത്പന്ന നിർമാണങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ കർശനമായി നടപ്പാക്കണമെന്നും കോടതി നിർദേശിച്ചു.

## വിദ്യാരംഗം കലാസാഹിത്യ വേദിയുടെയും വിവിധ ക്ലബ്ബുകളുടെയും ഉദ്ഘാടനം നടത്തി

കൊട്ടുവള്ളിക്കാട് : കൊട്ടുവള്ളിക്കാട് എച്ച് എം വൈ എസ് ഹയർസെക്കൻഡറി സ്കൂളിൽ പ്രവർത്തിക്കുന്ന വിദ്യാരംഗം കലാസാഹിത്യ വേദിയുടെയും വിവിധ ക്ലബ്ബകളുടെയും ഉദ്ഘാടനം ഗിരീഷ് കർണാട് നാടക അവാർഡ് ജേതാവ് ശ്രീ സേവിയർ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ചെട്ടിക്കാട് സെൻറ് ആൻറണീസ് പള്ളി റക്ടർ ഫാ. ഡോ. ബെന്നി വാഴക്കൂട്ടത്തിൽ, സ്കൂൾ മാനേജർ എം കെ ദേവദാസൻ മാസ്റ്റർ, പ്രിൻസിപ്പൽ കെ ആർ ശ്രീജ ടീച്ചർ, എച്ച് എം - ഇ എൻ ബിന്ദു ടീച്ചർ, കവയത്രിസുധർമനാണപ്പൻ, ഡോജോസഫ് ഫ്രാൻസിസ് തുടങ്ങിയവർ സംസാരിച്ചു.



വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ഉത്ഘാടനം ഗിരീഷ് കർണാട് നാടക അവാർഡ് ജേതാവ് സേവ്യർ മാസ്റ്റർ ഉത്ഘാടനം ചെയ്യുന്നു









കുട്ടികളിലെ ടൈപ്പ് 2 പ്രമേഹം

# സ്കൂളുകളിൽ സ്ഥാപിക്കണം 'ഷുഗർ ബോർഡുകൾ'

▸▸ 30നു മുൻപ് സ്ഥാപിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് നിർദേശം

എം.വി. അബ്ദുൽ റൗഫ്

ഇരിക്കൂർ (കണ്ണൂർ) ● അമിതമായ പഞ്ചസാര ഉപഭോഗത്തിന്റെ അപകടത്തെക്കുറിച്ചു വിദ്യാർഥികളെ ബോധവൽക്കരിക്കുന്നതിനു സ്കൂളുകളിൽ 'ഷുഗർ ബോർഡുകൾ' സ്ഥാപിക്കും. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ കീഴിൽ വരുന്ന എല്ലാ സർക്കാർ/ എയ്ഡഡ് സ്കൂളുകളിലും ഈ മാസം 30നു മുൻപ് ഇതു സ്ഥാപിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഉത്തരവിറക്കി. കുട്ടികളിൽ ടൈപ്പ് 2 പ്രമേഹം കൂടുന്ന സാഹചര്യത്തിലാണിത്.

സ്കൂൾ കന്റീൻ, കഫെറ്റീരിയ, ഡൈനിങ് ഹാൾ, അടുക്കള, ക്ലാസ് റൂം, ഓഡിറ്റോറിയം, പൊതു ഇടങ്ങൾ എന്നിവിടങ്ങളിലാണു ബോർഡ് സ്ഥാപിക്കേണ്ടത്.

ഇതു സംബന്ധിച്ച ബോധവൽക്കരണ ക്ലാസുകളും സെമിനാറുകളും ശിൽപശാലകളും സംഘടിപ്പിക്കണം.

മാസത്തിലൊരിക്കൽ സ്കൂൾ അസംബ്ലിയിൽ ആരോഗ്യ വിദഗ്ധരുടെ നേതൃത്വത്തിൽ സമീകൃത ആഹാരത്തെക്കുറിച്ചും നാരുകളുടെ പ്രാധാന്യത്തെക്കുറിച്ചും പഞ്ചസാരയുടെ അമിത ഉപയോഗത്താൽ ഉണ്ടാകുന്ന ജീവിതശൈലി രോഗങ്ങളെക്കുറിച്ചും ക്ലാസുകൾ സംഘടിപ്പിക്കണം. ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ചിത്രങ്ങളും വിഡിയോകളും തയാറാക്കി സൂക്ഷിക്കണമെന്നും ഉത്തരവിലുണ്ട്.










സ്കൂളിൽ പ്രവർത്തിക്കുന്ന സയൻസ്, വിദ്യാരംഗം, ഇംഗ്ലീഷ്, ഹിന്ദി , സോഷ്യൽ സയൻസ് , ഗണിതം, കൃഷി, ഐ ടി, ഹെൽത്ത്, നേച്ചർ, പ്രവർത്തി പരിചയം ക്ലബ്ബുകളിൽ ഏതിലെങ്കിലും ഒന്നിൽ വിദ്യാർത്ഥികൾ **25/6/25** ബുധനാഴ്ചക്ക് മുമ്പായി അംഗത്വം എടുക്കേണ്ടതാണ്.

**SPC** 2025-2027 ബാച്ചിലേക്കുള്ള സെലക്ഷന്റെ ഭാഗമായി നടത്തുന്ന **കായികക്ഷമത** പരീക്ഷ **23/ 6 / 2025** ന് നടത്തും.

കായികക്ഷമത, എഴുത്തുപരീക്ഷ, അഭിമുഖം - എന്നിവയുടെ അടിസ്ഥാനത്തിൽ മെയിൻ റാങ്ക് ലിസ്റ്റ് 28/ 6 /2025 ന് പ്രസിദ്ധീകരിക്കും.

26-ാം തിയതി എക്സൈസ് പ്രിവന്റീവ് ഓഫീസർ സമൽദേവ് നയിക്കുന്ന 'മുക്ത്യോദയം' ലഹരിവിരുദ്ധ ക്ലാസ്, പോസ്റ്റർ രചന മത്സരം എന്നിവ ഉണ്ടായിരിക്കുന്നതാണ്

27-ാം തിയതി എസ് പി സി കേഡറ്റ്സിന്റെ നേതൃത്വത്തിൽ ലഹരിവിരുദ്ധ ഫ്ലാഷ് മോബ് നടത്തും.

സ്കൂളിൽ പ്രവർത്തിക്കുന്ന **ലിറ്റിൽ കൈറ്റ്സ്** യൂണിറ്റിന്റെ 2025- 27 ബാച്ചിലേക്കുള്ള സെലക്ഷൻ (**അഭിരുചി പരീക്ഷ**) 25/ 6 /2025 ന് നടക്കും.

വായന വാരാചാരണത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾക്ക് താഴെപ്പറയുന്ന മത്സരങ്ങൾ പ്രസ്തുത തീയതികളിൽ നടത്തും.

| | |
|---|---|
| കഥാരചന കവിതാരചന | 23/6/2025 |
| ഉപന്യാസ രചന മത്സരം | 24/6/2025 |
| പുസ്തക പ്രദർശനം | 25/6/2025 |
| നാടൻ പാട്ട് ആലാപനം | 26/6/2025 |
| ചിത്രരചന | 27/6/2025 |



## ജൂൺ 26
# അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം
International Day against drug abuse and illicit trafficking

26-ാം തിയതി എസ് പി സി യൂണിറ്റിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ റൂട്ട് മാർച്ച് നോർത്ത് പറവൂർ എക്സൈസ് ഇൻസ്പെക്ടർ ശ്രീ വി സി ജിത്തു കിരൺ ഫ്ലാഗ് ഓഫ് ചെയ്യും.



---

## വായനാദിനത്തോടനുബന്ധിച്ച് ഹിന്ദി ക്ലബ്ബ് നടത്തിയ പോസ്റ്റർ രചന മത്സര വിജയികൾ






H S 1st : आदित्या पी एस (9 B)





H S 2nd लक्ष्मीनक्षत्रा (8 B)






U P 1st हरिराम (6 A)



## ഹിന്ദി വായന മത്സരം വിജയികൾ

### HS വിഭാഗം



1st ശിവാഞ്ജലി (8 B)



2nd സൂര്യദേവ് (8 C)

### യു പി വിഭാഗം



1st ശ്രീദേവ് N S(7 D)



2nd കൃഷ്ണ C S(7 B)

## മലയാളം വായനാദിന ക്വിസ് മത്സര വിജയികൾ

### HS വിഭാഗം





### യു പി വിഭാഗം








1st നിവേദ്യ ബിജോയ്(9D) 2nd ദേവനന്ദ സി ജി (9B) 1st ഹരികൃഷ്ണൻ TS(5B) 2nd നിധുന ബിജോയ്(7B) 3rd കണ്മണി ഷിജു(5B)

## ENGLISH CLUB COMPETITION WINNERS

### NEWS PAPER READING COMPETITION ( H S )







### STORY TELLING COMPETITION ( U P )







1st Naha(8B) 2nd Bala KS(8B) 3rd Shreya(8B) 1st Milan(7C) 2nd Arav Krishna3rd Aparajith(6C)








## വിദ്യാർത്ഥികൾക്കായി സന്തോഷവാർത്ത **സ്കൂൾ റേഡിയോ** മടങ്ങിയെത്തുന്നു

എച്ച് എം വൈ എസ് എച്ച് എസ് എസ് സ്കൂൾ റേഡിയോ - "വൈസ് എഫ് എം വൺ ടു ത്രീ.ഫോർ " ഈ 26-ാം തിയതി മുതൽ പുനരാരംഭിക്കുന്നു. പുതിയ അറിവുകൾ നൽകാനും മാനസിക സംഘർഷം കുറയ്ക്കുന്നതിനും കുസൃതി ചോദ്യങ്ങളും ഹൃദ്യമായ പാട്ടുകളുമായി സ്കൂൾ റേഡിയോ മടങ്ങിയെത്തുന്നു.

റേഡിയോജോക്കി ആകുവാൻ താല്പര്യമുള്ളവർ ഈ മാസം 24 ന് മുൻപായി സൗമ്യ ടീച്ചറുടെ കൈവശം പേരുകൾ നൽകേണ്ടതാണ്. സ്കൂൾ റേഡിയോയിലൂടെ സംപ്രേക്ഷണം ചെയ്യുന്നതിനായി കുട്ടികൾക്ക് ഇഷ്ടമുള്ള പാട്ടുകൾ, കവിതകൾ, നർമ്മ സംഭാഷണങ്ങൾ, കുസൃതി ചോദ്യങ്ങൾ, എന്നിവ മുൻകൂട്ടി നൽകേണ്ടതാണ്.

## NCC 2025-2027 ബാച്ചിലേക്കുള്ള സെലക്ഷൻ നടത്തി





## SPC 2025-2027 ബാച്ചിലേക്കുള്ള എഴുത്തു പരീക്ഷ നടത്തി

എറണാകുളം റൂറലിന് കീഴിലുള്ള എച്ച് എം വൈ എസ് ഹയർസെക്കൻഡറി സ്കൂളിൽ എസ് പി സി ജൂനിയർ കേഡറ്റ്സിനുള്ള എഴുത്തുപരീക്ഷ ഡി ഐ ശീതൾ (സിവിൽ പോലീസ് ഓഫീസർ, വടക്കേക്കര ) സാറിന്റെ നേതൃത്വത്തിൽ 20.06.2025 നടത്തി.






അബാക്കസ് പരിശീലന ക്ലാസ്




കരാട്ടെ പരിശീലന ക്ലാസ്



SPC കേഡറ്റുകൾക്ക് പ്രചോദനമായി ഇന്ത്യൻ വോളിബോൾ താരം ആദി കൃഷ്ണ




ഐടി ലാബിൽ നിന്ന്

